LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ ലാഭകേന്ദ്രങ്ങളുടെ കർമ്മസമിതി യോഗങ്ങളിൽ ഏതെങ്കിലും വിദേശിയർ പങ്കെടുക്കുന്നുണ്ടോ; എങ്കിൽ ആരെല്ലാം;

(ബി) ഇവർ ഏത് രാജ്യത്തുള്ളവരാണ്;

(സി) കർമ്മസമിതി യോഗങ്ങളിൽ പങ്കെടുക്കുന്ന വിദേശികൾ എന്തെല്ലാം വിധത്തിലുള്ള സംഭാവനകൾ നൽകുന്നു;

(ഡി) കർമ്മസമിതി യോഗങ്ങളിൽ പങ്കെടുക്കുന്ന വിദേശികൾക്ക് ടി. എ., ഡി.എ. ഇനങ്ങളിൽ എന്ത് തുക ഇതുവരെ നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസക്തമല്ല.

(സി) കേന്ദ്ര ഗവൺമെന്റും കനേഡിയൻ ഗവൺമെന്റുമായിള്ള കരാർ വ്യവസ്ഥകൾക്കു വിധേയമായി 'സിഡാ' യുടെ സാങ്കേതിക സാമ്പത്തിക സഹായം ബോർഡ് പ്രയോജനപ്പെടുത്തിവരുന്നു.

(ഡി) പ്രസക്തമല്ല.

85 (994) കണ്ണൂർ താപവൈദ്യുത നിലയം

ശ്രീ. പാലോട് രവി :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. വി. ബാലറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ താപവൈദ്യുത നിലയം എന്നത്തേയ്ക്ക് ഉല്പാദനക്ഷമമാക്കണമെന്നായിരുന്നു പ്രതീക്ഷിച്ചിരുന്നത്;

(ബി) ഈ പ്രതീക്ഷ നടപ്പാകാതിരുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത താപനിലയത്തിന്റെ പണി ആരംഭിക്കുന്നതിനാവശ്യമായ അനുമതി ലഭിച്ചിട്ടുണ്ടോ:

(ഡി) ഈ താപനിലയത്തിന് എൻറോണുമായുണ്ടായിരുന്ന പങ്കാളിത്തം അവസാനിപ്പിച്ചിട്ടുണ്ടോ; എങ്കിൽ കാരണമെന്ത്;

(ഇ) ഈ താപനിലയത്തിന് പ്രകൃതി വാതകം നൽകുന്നത് സംബന്ധിച്ച കരാർ ബാക്കിയുണ്ടോ; എങ്കിൽ ആരുമായി എന്തു വിലയ്ക്ക് പ്രകൃതി വാതകം നൽകാമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്?

ഉത്തരം

(എ-സി) കണ്ണൂർ താപനിലയത്തിന് കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ 'സാങ്കേതിക സാമ്പത്തിക' അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. അനുമതി ലഭിച്ചിട്ടില്ല.

(ഡി) ഉണ്ട്. എൻറോൺ പങ്കാളിത്തം സർക്കാരിന് സ്വീകാര്യമല്ലാതിരുന്നതുകൊണ്ട്.

(ഇ) പ്രകൃതി വാതകം നൽകുന്നതു സംബന്ധിച്ച് കരാർ ആയിട്ടുള്ളതായി അറിയില്ല.

36 (995) താപ വൈദ്യുത നിലയങ്ങൾ

<u>ശ്രീ. ജോർജ്. ജെ. മാത്യു</u> :
<u>ശ്രീ. വി.ജെ. പൗലോസ്</u> :
<u>ഡോ. എം.എ. കുട്ടപ്പൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര താപ വൈദ്യുത നിലയങ്ങളുണ്ട്;

(ബി) സ്ഥാപിതശേഷിയുടെ കണക്ക് അനുസരിച്ച് ഓരോ മാസവും എത്ര യൂണിറ്റ് വൈദ്യുതിവീതം ഉല്പാദിപ്പിക്കാമായിരുന്നു;

(സി) താപവൈദ്യുത നിലയങ്ങളുടെ സ്ഥാപിതശേഷി മുഴുവൻ ഉപയോഗിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നാല്.

(ബി) ഉല്പാദിപ്പിക്കാൻ കഴിയുന്ന വൈദ്യുതിയുടെ വിവരം താഴെ കൊടുക്കുന്നു.

1) ബ്രഹ്മപുരം വൈദ്യുതി നിലയം (പ്രതിമാസശേഷി)	62.12 മില്യൻ യൂണിറ്റ്
2) കോഴിക്കോട് ഡീസൽ വൈദ്യുതി നിലയം (പ്രതിമാസശേഷി)	74.75 മില്യൻ യൂണിറ്റ്
3) കായംകുളം (എൻ.ടി.പി.സി)	144 മില്യൻ യൂണിറ്റ്
4) ബി.എസ്.ഇ.എസ്	91.5 മില്യൻ യൂണിറ്റ്.

(നിലയം പൂർണ്ണമായി കമ്മീഷൻ ചെയ്തു കഴിഞ്ഞാൽ)

(സി) ഇല്ല. പ്രവർത്തന മണിക്കൂറനുസരിച്ച് സമയബന്ധിതമായ അറ്റകുറ്റ പണികൾക്ക് വേണ്ടി ജനറേറ്ററുകൾ നിർത്തിവയ്ക്കേണ്ടതിനാലും, വിദ്യുച്ഛക്തിയുടെ ആവശ്യകത അനുസരിച്ച് ലോഡ്ഡെസ്പാച്ച് സെക്ഷന്റെ നിർദ്ദേശപ്രകാരവും സ്ഥാപിതശേഷി മുഴുവൻ വിനിയോഗിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly